US PROFILES

പീറ്റർ മാത്യു കുളങ്ങര

emalayalee.com

നിയോഗത്തിന്റെ താക്കോൽ: പീറ്റർ മാത്യു കുളങ്ങര

മീട്ടു റഹ്മത്ത് കലാം

സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ യേശു ക്രിസ്തു തന്റെ 12 ശിഷ്യന്മാർക്കിടയിൽ നിന്ന് പീറ്ററിനെ ഏല്പിച്ചു എന്നാണ് ബൈബിളിൽ പറയുന്നത്. കഴിഞ്ഞ 42 വർഷങ്ങളായി അമേരിക്കയിൽ കഴിയുന്ന കോട്ടയം സ്വദേശി പീറ്റർ മാത്യു കുളങ്ങരയെയും ദൈവം ഒരു താക്കോൽക്കൂട്ടം ഏൽപ്പിച്ചിട്ടുണ്ട്. ജീവിതം പച്ച പിടിപ്പിക്കാൻ അമേരിക്കയെന്ന സ്വപ്നഭൂമിയിലേക്ക് പറന്നെത്തുകയും, ആകസ്മികമായി മരണപ്പെടുകയും ചെയ്തവരെ അവർ അർഹിക്കുന്ന മര്യാദകളോടെ അന്ത്യയാത്ര അയയ്ക്കുക എന്ന മഹാതദൗത്യത്തിന്റെ താക്കോലാണ് പീറ്റർ മാത്യുവിന്റെ കൈയിലുള്ളത്. ഷിക്കാഗോ സോഷ്യൽ ക്ലബിന്റെ പ്രസിഡന്റ് ആയിരിക്കെ 12 വീടുകൾ നിർമ്മിച്ചുകൊടുത്ത പീറ്റർ,നിലവിൽ ഫോമായുടെ നാഷണൽ ചാരിറ്റി ചെയർമാനാണ്. മിഡ് വെസ്റ്റ് മലയാളി അസോസിയേഷൻ ഓഫ് ഷിക്കാഗോയുടെ പ്രസിഡന്റ്,ഫോമായുടെ റീജിയണൽ വൈസ് പ്രസിഡന്റ്,അഡ്വൈസറി ബോർഡ് വൈസ്

emalayalee.com

ചെയർമാൻ എന്നിങ്ങനെ നിരവധി പദവികൾ വഹിച്ചിട്ടുണ്ട്.

കഥ ഇതുവരെ?

കോട്ടയം താഴത്തങ്ങാടിയാണ് സ്വദേശം.പൂത്താംകുളം എന്നാണ് വീട്ടുപേര്. സിഎംഎസ് ഹൈസ്കൂളിലും സിഎംഎസ് കോളജിലുമായിരുന്നു ആദ്യകാല വിദ്യാഭ്യാസം.അമേരിക്കയിൽ എത്തിയിട്ട് 42 വർഷമായി.

ഉപരിപഠനത്തിനായാണ് വന്നത്. എഞ്ചിനീയറിംഗ് പൂർത്തിയാക്കിയ ശേഷം ബിസിനസിലേക്ക് തിരിഞ്ഞു.പ്രധാനമായും ഗ്യാസ് സ്റ്റേഷന്റെ നടത്തിപ്പാണ്.സാമൂഹിക സേവനവുമുണ്ട്.

വ്യക്തിപരമായ എന്തെങ്കിലും അനുഭവങ്ങളുടെ സ്വാധീനം കൊണ്ടാണോ നിരാലംബരായ അമേരിക്കൻ മലയാളികളുടെ ശവസംസ്കാര ചടങ്ങുകൾ ഏറ്റെടുത്ത് നടത്താൻ തീരുമാനിച്ചത്?

മറ്റൊരു രാജ്യത്തുവച്ച് കുടുംബത്തിലെ ഒരാൾ മരണപ്പെടുന്നത് വല്ലാത്തൊരു നിമിഷമാണ്.അനുഭവിച്ചവർക്കേ അതിന്റെ വേദന അറിയൂ.എന്ത് ചെയ്യണം,ആരെ അറിയിക്കണം,ബോഡി എവിടേക്ക് കൊണ്ടുപോകണം എന്നിങ്ങനെ നൂറായിരം ചോദ്യങ്ങളായിരിക്കും മനസ്സിൽ.

പിതാവിന്റെ അനുജന്റെ മകൻ അമേരിക്കയിൽ വച്ച് 34 വർഷങ്ങൾക്കുമുൻപ് മരണപ്പെട്ടു.ഇവിടെ ശവസംസ്കാരം നടത്തുന്നതിനെക്കുറിച്ച് ആർക്കും കാര്യമായ അറിവുണ്ടായിരുന്നില്ല.ഫ്യൂണറൽ ഹോമുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്ന് ചെയ്തപ്പോൾ പല കാര്യങ്ങൾ പഠിക്കാൻ പറ്റി.പിന്നീട്,ചേട്ടൻ മരിച്ചപ്പോഴും ഞാനാണ് ചടങ്ങുകൾ നടത്തിയത്.സെന്റ് മേരീസ് ക്നാനായ കാത്തലിക് ചർച്ച് ഓഫ് ഷിക്കാഗോ സ്ഥാപിതമായതുമുതൽ ഞാൻ അതിലെ സജീവ പ്രവർത്തകനാണ്.പള്ളിയുടെ ഫ്യൂണറൽ കോ-ഓർഡിനേറ്ററായി പ്രവർത്തിച്ചതിലൂടെ ഇതിന്റെ എല്ലാവശങ്ങളെയും കുറിച്ച് അറിവായി.അതോടെ,ബന്ധുക്കൾ മരിക്കുമ്പോൾ എന്താണ് ചെയ്യേണ്ടതെന്ന് പല മലയാളികളും വിളിച്ച് അന്വേഷിക്കാൻ തുടങ്ങി.അവർക്കൊക്കെ കാര്യങ്ങൾ വിശദമായി പറഞ്ഞുകൊടുക്കും.സഹായം ആവശ്യപ്പെടുന്നവരുടെ അടുക്കലേക്ക് ഏത് പാതിരാത്രി വിളിച്ചാലും ഓടിയെത്താൻ ശ്രമിക്കും.

emalayalee.com

ഇത്തരം സേവനങ്ങൾക്ക് വലിയ തുക വേണ്ടി വരില്ലേ?

നാട്ടിലേക്ക് ബോഡി എത്തിക്കുന്നത് പതിനായിരം ഡോളറോളം ചിലവ് വരുന്ന കാര്യമാണ്.ഫണ്ട് റെയ്സിംഗ് നടത്തിയാണ് ആവശ്യമായ തുക കണ്ടെത്തുന്നത്.ഞങ്ങൾ മൂന്നുനാലു പേര് ചേർന്നാണ് ഈ ഉദ്യമം മുന്നോട്ടുകൊണ്ടുപോകുന്നത്. നല്ലവരായ ധാരാളം അമേരിക്കൻ മലയാളികൾ സഹായിക്കാറുണ്ട്. വെറും 100 ഡോളർ മാത്രമേ നമ്മൾ ഒരാളോട് അഭ്യർത്ഥിക്കാറുള്ളൂ. ചിലർ കൂടുതൽ നൽകും. ഒരു സമയം പിരിച്ചുകിട്ടുന്ന പണം ഒരാൾക്ക് വേണ്ടിയേ ഉപയോഗിക്കൂ. മിച്ചം വരുന്നത് അവരുടെ കുടുംബത്തിന് മുന്നോട്ടുള്ള ആവശ്യങ്ങൾക്കായി ഏൽപ്പിക്കും.ഇവിടെത്തന്നെ തുടരുന്ന കുടുംബാംഗത്തിന് ബേബി സിറ്റിംഗ് / ഹോം നഴ്സിംഗ് പോലെ ചെറിയ ജോലി ചെയ്തുജീവിക്കാനുള്ള മാർഗമൊരുക്കും.

ഇതുവരെ 5 മലയാളികളുടെ ബോഡി ഇന്ത്യയ്ക്ക് കയറ്റി അയച്ചു. ഫ്യൂണറൽ ഹോമിന്റെ ആളുകളുമായും പള്ളിയുമായിട്ടും എനിക്ക് കോൺട്രാക്ട് ഉള്ളതുകൊണ്ട് ഏറ്റവും ചിലവ് ചുരുക്കി കാര്യങ്ങൾ നടത്താൻ കഴിയും. ഏത് മതസ്ഥർ മരിച്ചാലും,ഒന്ന് വിളിച്ചുപറഞ്ഞാൽ നമ്മുടെ റെയ്റ്റിൽ അവർക്ക് സേവനങ്ങൾ ലഭ്യമാകും. ചരമ വാർഷികം ആകുമ്പോൾ മരണപ്പെട്ടവരുടെ കുടുംബത്തിൽ നിന്ന് ഫോൺ വിളികൾ എത്താറുണ്ട്. എല്ലാവരും നന്ദിയോടെ ഓർക്കുന്നു എന്നത് വലിയ കാര്യമാണ്.

പള്ളിയുമായി ബന്ധപ്പെട്ടല്ലാതെയും ശവസംസ്കാര സേവനങ്ങൾ നൽകാൻ തീരുമാനിച്ചത് എങ്ങനെയാണ്?

അമേരിക്കയിൽ ധാരാളം അനധികൃത കുടിയേറ്റക്കാരുണ്ട്.അത്തരത്തിൽ ഇവിടെവന്ന തിരുവനന്തപുരം സ്വദേശികളായ ദമ്പതികളുടെ അനുഭവം കരളലിയിപ്പിക്കുന്നതാണ്.25 ലക്ഷം രൂപ മുടക്കി അമേരിക്കയിൽ എത്തിയിട്ട് രണ്ടുമാസമേ ആയിരുന്നുള്ളൂ. ഹൃദയാഘാതം മൂലം ഭാര്യ മരണപ്പെട്ടു. മൃതശരീരം നാട്ടിൽ എത്തിക്കാൻ യാതൊരു നിർവാഹവുമില്ല. ഒരു സുഹൃത്ത് പറഞ്ഞതനുസരിച്ചാണ് നിസ്സഹായനായ ആ ഭർത്താവ് എന്നെ ബന്ധപ്പെട്ടത്. ബന്ധുക്കളോ മറ്റാരും അടുത്തില്ലാതെ അങ്ങനൊരവസ്ഥ തരണം ചെയ്യുക എളുപ്പമല്ല.കഴിയുന്ന രീതിയിൽ അയാളെ ആശ്വസിപ്പിച്ചു.നിയോഗത്തിന്റെ താക്കോൽ ദൈവം എന്നെ ഏൽപ്പിക്കുന്നതായാണ് ആ നിമിഷം തോന്നിയത്.

ഫ്യൂണറൽ ഹോമിലെ ആളെ വിളിച്ച് ബോഡി വിട്ടുകൊടുക്കാനും കാശ് ഞാൻ തന്നേക്കാമെന്നും പറഞ്ഞു.നാട്ടിലേക്ക് ഭർത്താവ് കൂടി പോയാൽ മടങ്ങിവരാൻ കഴിയാത്തതുകൊണ്ട്, അയാൾ ഇവിടെ തുടർന്നു.മൂന്ന് വർഷത്തോളം അമേരിക്കയിൽ ജോലി ചെയ്ത് കടങ്ങൾ വീട്ടിയെ



ന്ന് പിന്നീടറിഞ്ഞു.രണ്ടുമാസം മുൻപ് നാട്ടിലേക്ക് പോകും മുൻപ് എന്നെ വിളിച്ച് വളരെ സ്നേഹത്തോടെ സംസാരിച്ചു.

സംതൃപ്തി നൽകിയ ഒരനുഭവം?

ഞാൻ നാട്ടിലായിരുന്നപ്പോൾ അമേരിക്കയിൽ ഒരു മലയാളി മരണപ്പെട്ടു.തിരുവനന്തപുരം പള്ളിയിലെ അച്ചൻ വിളിച്ചുപറഞ്ഞാണ് വിവരം അറിഞ്ഞത്. മൃതശരീരം എങ്ങനെ ഇന്ത്യയിൽ എത്തിക്കുമെന്നറിയാതെ ഒന്നരമാസമായി ആ ബോഡി സൂക്ഷിച്ചിരിക്കുകയാണെന്ന് കേട്ട് ഞാൻ ഞെട്ടിതരിച്ചു.വിറങ്ങലിച്ച് ഒരു പെട്ടിക്കുള്ളിൽ അത്രയും നാൾ കിടക്കുന്നത് മരണപ്പെട്ടയാളോടുള്ള അനാദരവല്ലേ?നിയമവശങ്ങൾ അറിയാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇന്ത്യ ഗവണ്മെന്റ് ഇടപെട്ട് ചെയ്യാവുന്ന കാര്യങ്ങളേ ഉണ്ടായിരുന്നുള്ളു.എന്നാൽ,ആ വഴിപോയി ഇനിയും കാലതാമസം വരുത്തേണ്ടെന്ന് കരുതി ഞാൻ മുൻകൈ എടുത്ത് ഇറങ്ങിത്തിരിച്ചു. മൂന്നുനാലു ദിവസംകൊണ്ട് ഫ്യൂണറൽ ഹോമിൽ നിന്ന് എല്ലാ നടപടികളും പൂർത്തിയാക്കി നാട്ടിലേക്ക് അയാളുടെ ബോഡി എത്തിക്കാനുള്ള ഏർപ്പാടുകൾ ചെയ്തുകൊടുത്തു. ഏറ്റവും സംതൃപ്തി തോന്നിയ അനുഭവമായിരുന്നു അത്.

അമേരിക്കയിൽ വച്ചൊരാൾ മരണപ്പെടുമ്പോൾ അയാളുടെ ബന്ധുക്കൾക്ക് പ്രധാനമായും പറഞ്ഞുകൊടുക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്? താങ്കൾ എന്തൊക്കെ ചെയ്തുകൊടുക്കും?

രണ്ടുമൂന്ന് മണിക്കൂറിൽ കൂടുതൽ ബോഡി വീട്ടിൽ വയ്ക്കാൻ പാടില്ലെന്നാണ് ഇവിടത്തെ നിയമം.അതുകൊണ്ട് ബോഡി എടുത്തുകൊണ്ടുപോകാനുള്ള ഏർപ്പാട് ആദ്യമേ ചെയ്യും.പ്രായമായിട്ടാണ് മരിക്കുന്നതെങ്കിൽ അവർക്കൊപ്പം ഒരു നഴ്സ് ഓൺ ഡ്യൂട്ടി ഉണ്ടായിരിക്കും.ആ വ്യക്തി സർട്ടിഫൈ ചെയ്തെങ്കിലേ ബോഡി കൊണ്ടുപോകാനാകൂ.അങ്ങനെ ഒരു വ്യക്തി ഇല്ലാത്ത പക്ഷം,പൊലീസിൽ വിവരം അറിയിക്കണം.പൊലീസ് സ്ഥലത്തെത്തി ചെക്ക് ചെയ്ത ശേഷമേ ബോഡി എടുക്കാനാകൂ.തീരെ പാവപ്പെട്ട മലയാളികൾ മരണപ്പെട്ടാൽ ശവസംസ്കാരവുമായി ബന്ധപ്പെട്ട മുഴുവൻ ചിലവുകളും നടത്തിക്കൊടുക്കും.അനധികൃത കുടിയേറ്റക്കാരാണെങ്കിലേ നാട്ടിൽ അയയ്ക്കേണ്ടി വരാറുള്ളൂ.സാധാരണഗതിയിൽ ഇവിടെ തന്നെ അടക്കുകയാണ് ചെയ്യുന്നത്.

സംഘടനാപ്രവർത്തനങ്ങളിലൂടെ ചാരിതാർഥ്യം ലഭിച്ച അനുഭവങ്ങൾ?

ഷിക്കാഗോ സോഷ്യൽ ക്ലബിന്റെ പ്രസിഡന്റ് ആയിരിക്കെ 12 വീടുകൾ നിർമ്മിച്ചുകൊടുത്തു. ഇപ്പോൾ ഫോമായുടെ നാഷണൽ ചാരിറ്റി ചെയർമാനാണ്.ഞങ്ങൾ തുടക്കമിട്ട പുതിയ പദ്ധതിയുടെ

ഭാഗമായി കേരളത്തിലെ അംഗപരിമിതയായ വിദ്യാർത്ഥിക്ക് ഇലക്ട്രിക്ക് വീൽ ചെയർ നൽകി.മന്ത്രി വി.എൻ.വാസവനാണ് പദ്ധതി ഉദ്ഘാടനം ചെയ്തത്.കസ്റ്റം -മെയ്ഡ് വീൽ ചെയറാണ് ഞങ്ങൾ എത്തിച്ചുകൊടുത്തത്.പഠിക്കാൻ ആഗ്രഹമുണ്ടായിട്ടും സ്കൂളിൽ പോകാൻ സാധിക്കാത്ത അംഗപരിമിതരായ 15 കുട്ടികൾക്ക് ഇലക്ട്രിക് വീൽ ചെയർ നൽകാനാണ് പദ്ധതി.അതിന്റെ ഉദ്ഘാടന ദിവസമാണ് എന്റെ മൂത്ത മകൾ ഇരട്ടക്കുഞ്ഞുങ്ങൾക്ക് ജന്മം നൽകിയത്. അപ്പോൾ സന്തോഷം ഇരട്ടിയായി.മിഡ് വെസ്റ്റ് മലയാളി അസോസിയേഷൻ ഓഫ് ഷിക്കാഗോയുടെ പ്രസിഡന്റ് ആയിരുന്നു.അതിലൂടെയാണ് ഫോമായിൽ എത്തുന്നത്.ഫോമായുടെ പ്രാരംഭ ഘട്ടം മുതലുള്ള അംഗമാണ്.ഇന്നും സജീവമായി തുടരുന്നു.റീജിയണൽ വൈസ് പ്രസിഡന്റ്,അഡ്വൈസറി ബോർഡ് വൈസ് ചെയർമാൻ എന്നിങ്ങനെ നിരവധി പദവികൾ വഹിച്ചു.

അമേരിക്കയിൽ എത്തിയ ശേഷമാണോ സാമൂഹിക സേവനത്തിലേക്ക് തിരിഞ്ഞത്?

സാമൂഹിക സേവനം ഓർമ്മവച്ച നാൾ മുതൽ കുടുംബത്തിൽ നിന്ന് കണ്ടുപഠിച്ചതാണ്. മറ്റുള്ളവരെ സഹായിക്കണമെന്ന് ഉപദേശിക്കുന്നതിനേക്കാൾ മനസ്സിനെ സ്വാധീനിക്കുന്നത് അത്തരം പ്രവർത്തികളാണ്.നാട്ടിൽ ആർക്ക് എന്താവശ്യമുണ്ടെങ്കിലും അപ്പച്ചൻ സഹായിക്കുന്നതാണ് ഞങ്ങൾ കുഞ്ഞുന്നാളിലേ കണ്ടുവളർന്നത്. ചേട്ടൻ കോട്ടയത്തെ ഞങ്ങളെ

വാർഡിലെ മുനിസിപ്പൽ കൗൺസിലറായിരുന്നു.സമൂഹത്തെ സേവിക്കുമ്പോൾ മതം ഒരിക്കലും ഒരു മാനദണ്ഡമല്ല.ഞങ്ങൾ കോട്ടയത്ത് തടിക്കച്ചവടം ചെയ്തിരുന്നു. ടൗണിലെ മുസ്ലിം പള്ളിയിൽ അടക്കുന്നവർക്ക് ആവശ്യമായ തടി അവിടെനിന്നാണ് നൽകിയിരുന്നത്.

കുടുംബം?

ഭാര്യ സാലിക്കുട്ടി ചിങ്ങവനം സ്വദേശിയാണ്. മൂത്ത മകൾ ഷെറിൽ, ഓട്ടിസം ബാധിച്ച കുട്ടികളെ പരിശീലനം നൽകി സ്വയം പര്യാപ്തരാക്കുന്ന ജോലിയാണ് ചെയ്യുന്നത്.ഇളയ മകൾ മിഷൽ സ്പീച്ച് പാത്തോളജിസ്റ്റാണ്.ഇരുവരും സമൂഹത്തിന് ഗുണകരമായ തൊഴിൽ മേഖല തിരഞ്ഞെടുത്തത് പിതാവ് എന്ന നിലയിൽ അഭിമാനമുണ്ട്.

emalayalee.com